സ്ഥാപനങ്ങളും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട്.ചെയ്യണമെന്ന് കർശന നിർദ്ദേശം നൽകിവരുന്നു. സർക്കാർ നിർദ്ദേശങ്ങൾ ലംഘിക്കുന്നതായി ശ്രദ്ധയയിൽപ്പെടുന്നപക്ഷം അതിന് ഉത്തരവാദികൾക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

എറണാകുളം ജില്ലയിൽ 2011 മാർച്ച് 31-നു വിരമിക്കുന്ന ജീവനക്കാരുടെ എണ്ണം

67 (77) ശ്രീ. റ്റി. യു. കുരുവിള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിൽ 2011 മാർച്ച് 31-ന് ലാസ്റ്റ് ഗ്രേഡ് സെർവന്റ്, ലോവർ ഡിവിഷൻ ക്ലാർക്ക് എന്നീ തസ്തികകളിൽനിന്നും വിരമിക്കുന്ന ജീവനക്കാരുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ ;

(ബി) ഓരോ തസ്തികയിലും എത്ര നിയമനം നടത്തി ; എത്ര നിയമനം നടത്താനുണ്ട് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

മലപ്പുറം ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് നിയമനം

68 (78) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ 18-9-2008-ൽ നിലവിൽവന്ന ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ് (വിവിധ വകുപ്പുകൾ) ലിസ്റ്റിൽ നാളിതുവരെ എത്രപേർക്ക് നിയമന ശിപാർശ നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിൽ ജില്ലയിൽ എത്ര ഒഴിവുകൾ പുതുതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി) റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കാറായ സാഹചര്യത്തിൽ റിപ്പോർട്ട് ചെയ്യപ്പെടാത്ത മുഴുവൻ ഒഴിവുകളും റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) നടപ്പു സാമ്പത്തിക വർഷം 31-3-2011-വരെ ഉണ്ടാകുവാൻ സാധ്യതയുള്ള എല്ലാ പ്രതീക്ഷിത ഒഴിവുകളും 31-3-2011-ൽ ജീവനക്കാർ വിരമിക്കുന്നതിന് അനുസരണമായി എൻട്രി കേഡറിൽ വരാവുന്ന ഒഴിവുകൾ ഉൾപ്പെടെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ ഏകീകരണം നിലവിലില്ലായിരുന്നുവെങ്കിൽ ജീവനക്കാർ വിരമിക്കുമായിരുന്ന ഒഴിവ് കണക്കാക്കി എൻട്രി കേഡറിൽ ഉണ്ടാകാവുന്ന പ്രതീക്ഷിത ഒഴിവുകളിലേക്ക് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly